# ദന്ത ഡോക്ടർമാരുടെ അടിയന്തര ശ്രദ്ധയ്ക്ക്

ഡെന്റിസ്റ്റുമാരും ഡെന്റൽ ക്ലിനിക്ക് ഉടമസ്ഥരും എത്തിക്സിന് വിരുദ്ധമായി സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള വിവിധ ദൃശ്യ ശ്രാവ്യ അച്ചടി മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നു എന്നാരോപിച്ച് സമീപകാലത്തായി ധാരാളം പരാതികൾ കേരള ഡെന്റൽ കൗൺസിലിൽ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്ന എല്ലാ രജിസ്റ്റേർഡ് ദന്ത ഡോക്ടർമാരും 2014 ലെ ഡെന്റിസ്റ്റ് (കോഡ് ഓഫ് എത്തിക്സ്) റെഗുലേഷനിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു. പ്രസ്തുത റെഗുലേഷനിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ രജിസ്റ്ററിൽ നിന്ന് പേര് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള യുക്തമായ ശിക്ഷാനടപടികൾ കൗൺസിൽ കൈക്കൊള്ളുന്നതാണ്.

ഈ രീതിയിൽ കോർപ്പറേറ്റ് സ്ഥാപനങ്ങൾ എത്തിക്സിന് വിരുദ്ധമായി പരസ്യം ചെയ്യുന്നതുൾപ്പെടെയുള്ള പ്രവൃത്തികളിൽ ഏർപ്പെടുന്ന പക്ഷം അത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന രജിസ്റ്റേർഡ് ദന്ത ഡോക്ടർമാരും ആയതിൽ പങ്കാളികളാണെന്ന നിഗമനത്തിൽ അച്ചടക്ക നടപടിക്ക് വിധേയരാകേണ്ടിവരുമെന്നും ആയതിനാൽ ഓരോ ഡെന്റിസ്റ്റും തങ്ങൾ ജോലി നോക്കുന്ന സ്ഥാപനം എത്തിക്സിന് വിരുദ്ധമായി പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും അറിയിക്കുന്നു.

അലൈനർ ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണ പരത്തുന്ന തരത്തിലുള്ള നിരവധി പരസ്യങ്ങൾ കൗൺസിലിന്റെ ശ്രദ്ധയിൽ വരികയുണ്ടായി. അലൈനർ ചികിത്സാരീതി പല്ലുകൾക്ക് ബ്രേസസ് ഇടുന്ന ഓർത്തോഡോണ്ടിക് ചികിത്സാരീതിക്ക് പകരമാണ് എന്നും 'കമ്പിയുടെ കാലം കഴിഞ്ഞു' എന്നുമൊക്കെയുള്ള, അങ്ങേയറ്റം അശാസ്ത്രീയവും തെറ്റിദ്ധാരണ പരത്തുന്നതുമായ പരസ്യ രീതികളാണ് കൗൺസിലിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നത്. അലൈനർ ട്രീറ്റ്മെന്റ് - പല്ലുകൾക്ക് ബ്രേസസ് ഇടുന്ന ഓർത്തോഡോണ്ടിക് ട്രീറ്റ്മെന്റ് പോലെ വിവിധങ്ങളായ ഓർത്തോഡോണ്ടിക് ചികിത്സാരീതികളിൽ ഒന്നു മാത്രമാണ്. ആയതുകൊണ്ട്, ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയും ഭീതിയും ഉളവാക്കുന്ന ഇത്തരം പരസ്യങ്ങൾ അതീവ ഗൗരവത്തോടെയാണ് കൗൺസിൽ പരിഗണിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ചില ദന്ത ചികിത്സ സ്ഥാപനങ്ങൾക്കെതിരെ കൗൺസിൽ ഇപ്പോൾ തന്നെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ Dental Council of India പുറപ്പെടുവിച്ച 06/12/2022-ലെ (DE-130(ARPM-General)-2022/97) മാർഗ്ഗരേഖയിൽ ബിരുദാനന്തര ബിരുദമുള്ള ഓറൽ & മാക്സിലോഫേഷ്യൽ സർജന്മാർക്ക് മതിയായ ചികിത്സാ സൗകര്യങ്ങളോടെ ഹെയർ ട്രാൻസ്പ്ലാന്റേഷൻ, കോസ്മെറ്റിക് ചികിത്സകൾ എന്നിവ നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുമാത്രമേ ഓറൽ & മാക്സിലോഫേഷ്യൽ സർജന്മാർ മേൽപ്പറഞ്ഞ ചികിത്സകൾ നടത്താൻ പാടുള്ളൂവെന്നും MDS (Oral & Maxillofacial Surgery) എന്ന യോഗ്യതയില്ലാത്ത ദന്ത ഡോക്ടർമാർ ആരും തന്നെ അത്തരം ചികിത്സകൾ പ്രാക്ടീസ് ചെയ്യരുതെന്നും അപ്രകാരം ചെയ്യുന്ന പക്ഷം എത്തിക്സിനു വിരുദ്ധമായ പ്രവൃത്തിയായി വിലയിരുത്തി കർശന അച്ചടക്ക നടപടിക്ക് വിധേയരാകേണ്ടിവരുമെന്നും എല്ലാ രജിസ്റ്റേർഡ് ദന്ത ഡോക്ടർമാരെയും അറിയിക്കുന്നു.

പ്രസിഡന്റ്
കേരള ഡെന്റൽ കൗൺസിൽ

രജിസ്ട്രാർ
കേരള ഡെന്റൽ കൗൺസിൽ